നികുതി വരുമാനം

28 (*677) ശ്രീ. പി. രാഘവൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷം നികുതിവരുമാനം കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കേണ്ട തുകകൾക്ക് വ്യാപകമായി സ്റ്റേ അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സ്റ്റേ അനുവദിക്കുന്നതിൽ സർക്കാർ ഇപ്പോൾ ഏർപ്പെടുത്തിവരുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) കച്ചവടക്കാരിൽനിന്നും ലഭിക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഈ സാമ്പത്തികവർഷം നികുതി വരുമാനം കുറഞ്ഞിട്ടില്ല.

(ബി) അനുവദിക്കാറില്ല.

(സി) ബാധകമല്ല.

(ഡി) കച്ചവടക്കാരിൽനിന്നും ലഭിക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനായി മാസംതോറും വകുപ്പുതല നികുതി പിരിവ് അവലോകനയോഗവും നിശ്ചിത ഇടവേളകളിൽ ഉന്നതതല അവലോകനയോഗവും നടത്തുകയും നിശ്ചിത ടാർജറ്റ് പിരിച്ചെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ഉത്തരവുകളും നൽകുകയും ചെയ്തുവരുന്നു. മനഃപൂർവം നികുതിപിരിവിൽ വീഴ്ചവരുത്തുകയും നിശ്ചയിച്ച ടാർജറ്റ് പിരിക്കാതിരിക്കുകയും, അസസ്മെന്റ് കോട്ട തികയ്ക്കാതിരിക്കുകയും ചെയ്യുന്ന ആഫീസർമാർക്കെതിരെ നിയമാനുസരണം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ മിന്നൽ പണിമുടക്ക്

29 (*678) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാർ നടത്തുന്ന മിന്നൽ പണിമുടക്കുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതൊഴിവാക്കാനായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരുടെ മൊത്തത്തിലുള്ള മിന്നൽ പണിമുടക്ക് അടുത്ത കാലത്ത് ഉണ്ടാകാറില്ല. പ്രാദേശികമായ പ്രശ്നങ്ങൾ കൊണ്ട് അവിചാരിതമായ സർവ്വീസ് തടസ്സങ്ങളും അതുമൂലം യാത്രക്കാർക്ക് ക്ലേശങ്ങളും വളരെ വിരളമായി ഉണ്ടാകാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യൂണിയൻ പ്രതിനിധികളുമായി സമ്പർക്കം പുലർത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രമ്യമായ സമീപനം കൈക്കൊള്ളുന്നതുകൊണ്ട് മിന്നൽ പണിമുടക്കിനുള്ള സാദ്ധ്യത കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രാദേശിക പ്രശ്നങ്ങൾമൂലം മിന്നൽ പണിമുടക്കുണ്ടാകുന്ന സന്ദർഭങ്ങളിൽ കോർപ്പറേഷന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരെ സംഭവസ്ഥലത്ത് അയച്ച് പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കാനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഏഷ്യൻ വികസന ബാങ്കിൽനിന്നും കടം

1 (3533) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഷ്യൻ വികസന ബാങ്കിൽ നിന്നും കടം എടുക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(സി) എന്നേയ്ക്ക് ഈ വായ്പ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു ;

(ഡി) എന്തു തുകയാണ് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി&ഡി) ഏഷ്യൻ വികസന ബാങ്കുമായി ഇക്കാര്യത്തിൽ മൂന്നുവട്ടം ചർച്ച നടത്തി. അന്തിമഘട്ട ചർച്ചകൾക്ക് ശേഷം മാത്രമേ ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങളിൽ തീരുമാനം ആകുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly